## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3778–25/06/2013 –ലെ മറുപടിക്ക്
### സംസ്ഥാന സ്വയം സംരംഭക മിഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ .കോലിയക്കോട് എൻ.കൃഷ്ണൻ നായർ | ശ്രീ.കെ.എം. മാണി, ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |
| സ്വയം സംരംഭക മിഷൻ വഴി വായ്പ ലഭ്യമാക്കുന്നതിന് എന്തെല്ലാം രേഖകളാണ് ഹാജരാക്കേണ്ടത്; ഇതു വഴി എത്ര പേർക്ക് തൊഴിൽ ലഭിച്ചുവെന്ന് അറിയിക്കുമോ ? | മിഷൻ വഴി തിരഞ്ഞെടുക്കപ്പെട്ട സംരംഭകർക്ക് ബാങ്കുകൾ/ധനകാര്യ സ്ഥാപനങ്ങൾ വഴിയാണ് വായ്പ ലഭ്യമാക്കുന്നത്. വായ്പ ലഭിക്കുന്നതിന്,താഴെപ്പറയുന്ന രേഖകളാണ് ഹാജരാക്കേണ്ടത്.<br>1) തുടങ്ങുന്ന സംരംഭത്തെ കുറിച്ചുള്ള പ്രോജക്ട് റിപ്പോർട്ട്.<br>2) വായ്പ എടുക്കുന്ന സംരംഭകരുടെയും, ജാമ്യക്കാരുടെയും തിരിച്ചറിയൽ രേഖകൾ.<br>3) സംരംഭകർ രൂപീകരിക്കുന്ന പാർട്ട്നർഷിപ്പ്/ കമ്പനിയുടെ രേഖകൾ.<br>4) സംരംഭം സ്ഥിതി ചെയ്യുന്ന വസ്തു വകയുടെയും മറ്റ് ജാമ്യ വസ്തുക്കളെയും സംബന്ധിക്കുന്ന രേഖകൾ.<br>5) സംരംഭം ആരംഭിക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾ, ജില്ലാ വ്യവസായ കേന്ദ്രം, മലിനീകരണ നിയന്ത്രണ ബോർഡ്, ഇലക്ട്രിസിറ്റി ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നുള്ള അനുമതികൾ.<br>6) മിഷൻ വഴി പരിശീലനം പൂർത്തിയാക്കിയ രേഖകൾ.<br>16.05.2013 ലെ കണക്കുകൾ പ്രകാരം, 73 സംരംഭങ്ങൾ പൂർണ്ണമായും പ്രവർത്തനം ആരംഭിക്കുകയുണ്ടായി. ഇതുവഴി 172 സംരംഭകരെ കൂടാതെ 369 പേർക്ക് നേരിട്ട് തൊഴിൽ ലഭിക്കുകയുണ്ടായി. |

അക്കൗണ്ട്സ് ഓഫീസർ